സാംസ്ക്കാരിക വകുപ്പിന്റെ പ്രവർത്തനങ്ങൾ

49 (1960) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാംസ്ക്കാരിക വകുപ്പിന്റെ പ്രവർത്തനങ്ങൾ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ജനപങ്കാളിത്തത്തോടെ സാംസ്കാരിക പരിപാടികൾ നടത്താനുള്ള ഒരു പദ്ധതി സാംസ്ക്കാരിക വകുപ്പ് ആവിഷ്ക്കരിക്കുമോ ?

ഉത്തരം

(എ&ബി) സാംസ്ക്കാരിക വകുപ്പിന്റെ കീഴിലുള്ള വിവിധ വകുപ്പുകളുടേയും, ഇൻസ്റ്റിറ്റ്യൂട്ടുകളുടേയും, അക്കാദമികളുടേയും മറ്റു സ്ഥാപനങ്ങളുടേയും ആഭിമുഖ്യത്തിൽ, പുസ്തകപ്രദർശനം, ശില്പശാല,സെമിനാറുകൾ, പുസ്തക പ്രകാശനം, സാഹിത്യവേദി സമ്മേളനം, സാഹിത്യോത്സവങ്ങൾ, ചലച്ചിത്ര പ്രദർശനം, പുരാവസ്തു പ്രദർശനം, അനുസ്മരണ സമ്മേളനങ്ങൾ, അക്കാദമി അവാർഡുകൾ മറ്റു സാഹിത്യ സാംസ്ക്കാരിക പരിപാടികൾ എന്നിവ അതാതു സ്ഥാപനങ്ങളിൽ വച്ചും ജില്ലാ തലങ്ങളിലും നടത്തുന്നുണ്ട്. സർക്കാരിന്റെ 3-ാം വാർഷികത്തോടനുബന്ധിച്ച് സംഘടിപ്പിച്ച ആഘോഷ പരിപാടികൾ വിവിധ ജില്ലകളിൽ വച്ച് ജനപങ്കാളിത്തത്തോടെ സാംസ്ക്കാരികോത്സവമായി നടത്തുകയുണ്ടായി.

ഇ.എം.എസ്. സ്മാരക സാംസ്കാരിക നിലയം

50 (1961) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ മണ്ഡലത്തിൽ പോങ്ങനാട് ജംഗ്ഷന് സമീപമുള്ള സഖാവ് ഇ. എം. എസ്. സ്മാരക സാംസ്ക്കാരിക നിലയം കരിഓയിൽ ഒഴിച്ച് വൃത്തികേടാക്കിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത്തരം ഹീന പ്രവർത്തി ചെയ്ത സാമൂഹ്യ വിരുദ്ധർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഈ സ്മാരകം സംരക്ഷിക്കുവാൻ അനുയോജ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ സംഭവത്തിന്മേൽ, കിളിമാനൂർ പോലീസ് സ്റ്റേഷനിൽ ക്രൈം. 89/99 ആയി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസിലെ 9 പ്രതികളിൽ 5 പേരെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതും കോടതിയിൽ നിന്നും ജാമ്യത്തിൽ പോയിട്ടുള്ളതുമാണ്. ബാക്കി 4 പേർ നേരിട്ട് കോടതിയിൽ ഹാജരായി ജാമ്യത്തിൽ പോയിട്ടുള്ളവരാണ്.

LIBRARY ARCHIVES Kerala Legislative Assembly